# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **835** | **10/02/2016**-ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇൻടേക്ക് വെല്ലിനു മുകളിലുള്ള പമ്പ് ഹൗസ് നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>2. 400 എം.എം ഡി.ഐ കെ 9 റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിച്ചു.<br>3. റോ വാട്ടർ പമ്പ് സെറ്റ് (170 എച്ച്.പി - 2 എണ്ണം) സപ്ലൈ ചെയ്തു. പമ്പ് സെറ്റ് സ്ഥാപിക്കാനുണ്ട്.<br>4. 10 എം.എൽ.ഡി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും 4.5 ലക്ഷം ലിറ്റർ സമ്പും നിർമ്മാണം പൂർത്തീകരിച്ചു.<br>5. ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കാനുണ്ട്.<br>6. ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ, 4.5 ലക്ഷം ലിറ്റർ ഗ്രൗണ്ട് ലെവൽ ടാങ്ക്, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.<br>7. സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനും 130 കുതിരശക്തിയുള്ള രണ്ട് പമ്പ് സെറ്റ് ശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിച്ച് പാലമേൽ ചുനക്കര താമരക്കുളം എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനും വിതരണക്കുഴൽ സ്ഥാപിക്കുന്നതിനുമായി 4.00 കോടി രൂപയുടെ ഒരു ഡി.ഇ.ആർ തയ്യാറാക്കി SLSSC-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 8. പാക്കേജ്-2 – ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ-5190 മീ. മറ്റപ്പള്ളി മലയിൽ 8.25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി എന്നിവ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി 20-ന് മുൻപായി ഒന്നാംഘട്ടം കമ്മീഷനിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക ലഭിക്കുന്നതിനു വേണ്ടി ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി SLSSC-യുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ജലവിഭവ വകുപ്പ് മേജർ ഇറിഗേഷൻ മുഖാന്തിരം മാവേലിക്കര മണ്ഡലത്തിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും ഭരണാനുമതി നല്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ